LIBRARY ARCHIVES Kerala Legislative Assembly

കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂളിലെ അദ്ധ്യായം-7 ൽ കെട്ടിടങ്ങൾക്കുള്ള വിശേഷാൽ വ്യവസ്ഥകളിൽ റൂൾ 54 (4(എ)), 55 (9), 56(6) 57(11 എ), 58(5 എ), 59(5 എ) എന്നിവകളിലാണ് അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നും നിരാക്ഷേപപത്രം വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

കാസർഗോഡ് ജില്ലാ-ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനും ക്വാർട്ടേഴ്സ് കെട്ടിടവും

241 (3063) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനും ക്വാർട്ടേഴ്സ് കെട്ടിടവും ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോഡ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ ; എങ്കിൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ നൽകാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കാസർഗോഡ് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 8 കോടിരൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നോർത്ത് സർക്കിളിൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കോഴിക്കോട് ജില്ല - ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

242 (3064) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന് വേണ്ടി ലഭിച്ച വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ; അതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പേരാമ്പ്ര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ലഭ്യമാക്കിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിനുവേണ്ടി ലഭ്യമാക്കിയിട്ടുള്ള വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങളും അതിനായി ചെലവായ തുകയും അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) പേരാമ്പ്ര ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ലഭ്യമാക്കിയിട്ടുള്ള വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം അനുബന്ധം II.* ആയി ചേർത്തിട്ടുണ്ട്.

ട്രെയിനിംഗ് പീരിയഡിലെ ഡി.എ.

243 (3065) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിനിംഗ് പീരിയഡ് വിജയകരമായി പൂർത്തിയാക്കിയ പതിനാറാമത് ബാച്ച് ഫയർമാൻമാർക്ക് ഡി.എ. കുടിശ്ശിക നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ട്രെയിനിംഗ് പൂർത്തിയാക്കി സർവ്വീസിൽ തുടർന്നുവരവേ പി.എസ്.സി. വഴി മറ്റു വകുപ്പുകളിൽ നിയമനം ലഭിച്ചവർക്ക് ഡി.എ. കുടിശ്ശിക നൽകിയിട്ടുണ്ടോ ; ഇവർക്ക് ഡി.എ കുടിശ്ശിക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ട്രെയിനിംഗ് പിരീയഡിൽ ഡി.എ കുടിശ്ശിക വാങ്ങിയശേഷം മറ്റു വകുപ്പുകളിലേക്ക് നിയമനം ലഭിച്ചവർക്ക് പ്രസ്തുത തുക തിരിച്ചടക്കേണ്ടതാണെന്ന ഉത്തരവ് നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) 16-ാമത് ബാച്ച് ഫയർമാൻമാർക്ക് ഡി.എ. കുടിശ്ശിക നൽകുന്നതിന് ഉത്തരവ് നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നമ്പർ 243/14/ആഭ്യന്തരം തീയതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly